# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 257 02/03/2020-ൽ മറുപടിയ്ക്ക്

## കളമശ്ശേരി മെഡിക്കൽ കോളേജിലെ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.സ്വരാജ്** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കളമശ്ശേരി മെഡിക്കൽ കോളേജിൽ എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് വിശദാംശസഹിതം അറിയിക്കുമോ; | (എ), (ബി) & (സി) | 17/12/2013-ലെ GO(MS)No.488/13/H&FWD പ്രകാരം എറണാകുളത്തെ സഹകരണ മെഡിക്കൽ കോളേജ് കഴിഞ്ഞ സർക്കാർ ഏറ്റെടുത്തിരുന്നു എങ്കിലും, ജീവനക്കാരുടെ റെഗുലറൈസേഷൻ നടപടികളോ, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ വികസിപ്പിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരുടെ റഗുലറൈസേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുൻകൈ എടുത്തിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി തുടങ്ങിയവ പുതിയതായി ആരംഭിക്കുകയും സ്പെഷ്യാലിറ്റികൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നഴ്സിംഗ് കോളേജ് പൂർണ്ണതോതിൽ സർക്കാർ മേഖലയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി അദ്ധ്യാപക അനദ്ധ്യാപക മേഖലയിൽ 166 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജ് ഏറ്റെടുത്തതിന്റെ ഭാഗമായി സഹകരണ ബാങ്കിന് അടച്ചുതീർക്കേണ്ടിയിരുന്ന കടം 102,60,91,831/- രൂപ ഈ സർക്കാർ അടച്ചുതീർത്തിട്ടുണ്ട്. ഇതു കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എറണാകുളം മെഡിക്കൽ കോളേജിന്റെ വികസനത്തിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br>1. കാർഡിയോളജി ബ്ലോക്കിൽ കിഫ്ബിയുടെ സഹായത്തോടെ 13 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് & സി.സി.യു സ്ഥാപിച്ചു.<br>2. ഡയാലിസിസ് യൂണിറ്റ് പുതിയ 3 ഡയാലിസിസ് മിഷിനുകളുടെ സഹായത്തോടെ 15 ഷിഫ്റ്റായി പ്രവർത്തനം പുനക്രമീകരിച്ചു. പവർഗ്രിഡ് കോർപ്പറേഷൻ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിനായി 1 കോടി രൂപ അനുവദിച്ചു. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | | |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | പുതിയ ഡയാലിസിസ് മിഷനുകൾ ഉൾപ്പെടുത്തി അതിവിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>3. ശ്രീ. ജോൺ ഫെർണാണ്ടസ് എം..എൽ.എ യുടെ ആസ്തിവികസനഫണ്ടിൽ നിന്നും അനുവദിച്ച 5 കോടി രൂപ ചെലവഴിച്ച് സി.ടി.സ്കാൻ യൂണിറ്റ് ആരംഭിച്ചു. പ്രസ്തുത യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.<br>4. 25 കോടി രൂപ ചെലവിഴിച്ച് നടപ്പാക്കിയ ഇമേജിംഗ് സെന്റർ പദ്ധതിയിൽ ഉൾപ്പെടുത്തി എം.ആർ.ഐ സ്കാൻ മെഷീൻ, അൾട്രാസൗണ്ട് സ്കാൻ മെഷീൻ & കളർ ഡോപ്ലർ, 3 ഡി-4 ഡി എക്കോ കാർഡിയോഗ്രാഫി മെഷീൻ, മൊബൈൽ എക്സ്റേ മെഷീൻ, ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി മെഷീൻ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചു. കൂടാതെ മാമോഗ്രഫി മെഷീൻ, ബോൺ ഡെൻസിറ്റോമീറ്റർ, പി.എ.സി.എസ് സിസ്റ്റം എന്നീ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>5. ആശുപത്രി നവീകരണത്തിന് അനുവദിച്ച 4.48 കോടി രൂപ ചെലവഴിച്ച് ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, നവജാതശിശുരോഗ വിഭാഗം, ചില വാർഡുകൾ എന്നിവയുടെ പണി പൂർത്തിയാക്കുകയും, ബാക്കി വാർഡുകളുടേയും, ഐ.സി.യു-കളുടെയും നവീകരണം പുരോഗമിക്കുകയും ചെയ്യുന്നു.<br>6. ലേബർ റൂമിനോട് ചേർന്ന് 2 ഓപ്പറേഷൻ തീയേറ്ററുകൾ കൂടി സ്ഥാപിച്ചു.<br>7. ശ്രീ. ജോൺ ഫെർണാണ്ടസ് എം..എൽ.എ യുടെ ആസ്തിവികസനഫണ്ടിൽ നിന്നും അനുവദിച്ച 80 ലക്ഷം രൂപ വിനിയോഗിച്ച് മോർച്ചറി നവീകരിച്ചു.<br>8. വാർഡുകളിൽ ഉൾപ്പെടെ സെൻട്രലൈസ്ഡ് ഓക്സിജൻ പൈപ്പ് ലൈൻ സ്ഥാപിച്ചു.<br>9. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പേഷ്യന്റ് വെയിറ്റിംഗ് ഏരിയ, ഡ്രഗ് ഡിസ്പെൻസിംഗ് ഏരിയ, ഒ.പി.ടോക്കൺ സിസ്റ്റം എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. ആശുപത്രിയിലെ എല്ലാ ഒ.പി കളുടെയും നവീകരണം പൂർത്തീകരിച്ചു. ഒ.പി ബ്ലോക്കുകളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മിച്ചു.<br>10. മുൻ. എം.പി. ശ്രീ.കെ.വി.തോമസിന്റെ ആസ്തി വികസനഫണ്ടിൽ നിന്നുള്ള സഹായം ഉപയോഗിച്ച് ദിവസേന 500 ടൺ മാലിന്യം സംസ്കരിക്കാവുന്ന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു.<br>11. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃശിശുസംരക്ഷണവിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും, സ്റ്റാഫ് ക്വാർട്ടേഴ്സിനും വേണ്ടി കിഫ്ബി മുഖേന അനുവദിച്ച 368.75 കോടി രൂപയുടെ പ്രവർത്തികൾ INKEL പൂർത്തിയാക്കി വരുന്നു.<br>12. സിയാലിന്റെ ധനസഹായത്തോടെ പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിന് കെട്ടിടം |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിന് 12.68 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>13. കെൽട്രോൺ മുഖേന 1 കോടി രൂപയുടെ റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു.<br>14. ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി.<br>15. പി.ജി.ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു.<br>16. ക്യാൻസർ സെന്റർ പ്രവർത്തനം ആരംഭിച്ചു.<br>17. നിലവിലെ കെട്ടിട സമുച്ചയത്തിൽ രോഗി സൗഹൃദമായി റാമ്പ് നിർമ്മിക്കുന്നതിനായി 4.13 കോടി രൂപ 2018-19 പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്.<br>18. 2018-19 പ്ലാൻ ഫണ്ടിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് & മെഡിക്കൽ റിക്കോർഡ്സ് റിനോവേഷൻ, ഡ്രെയിനേജ് & സീവേജ് സിസ്റ്റം, മൾട്ടി ലെവൽ പാർക്കിംഗ്, ഐസൊലേഷൻ റൂം കോംപ്ലക്സ് വിത്ത് ഐ.സി.യു, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മൾട്ടി ഡിസിപ്ലിനറി ഐ.സി.യു എന്നിവയുടെ വികസനത്തിനായി 11 കോടി അനുവദിച്ചിട്ടുള്ളതിന്റെ പ്രവർത്തികൾ നടന്നു വരുന്നു.<br>19. ട്രോമ കെയർ യൂണിറ്റ് സജ്ജമാക്കുന്നതിനായി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>20. ഇൻസിനറേറ്റർ പ്ലാന്റിന്റെ നവീകരണം പൂർത്തിയായി.<br>21. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണം കിഫ്ബി വഴി INKEL നടപ്പിലാക്കിവരുന്നു.<br>22. ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, പി.ജി. ക്വാർട്ടേഴ്സ്, കോമ്മൺ അമിനിറ്റിസെന്റർ, ഇൻഡോർ സ്റ്റേഡിയം കം ഓഡിറ്റോറിയം, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ